

# കിസലയം

# ആശംസകൾ

അറിവ് നമ്മുടെ ശക്തിയാണ് എന്ന് വിവേകാനന്ദ സ്വാമികൾ പറഞ്ഞിട്ടുണ്ട്.
നമ്മുടെ വിജ്ഞാനം അനുദിനം വികസിച്ചുകൊണ്ടിരിക്കുകയാണ് . പഴയവ തിരുത്തപ്പെടുകയോ,പൂർണമാക്കപ്പെടുകയോ ചെയ്യുന്ന

കാലവും കുട്ടികളിൽ നിന്നാവശ്യപ്പെടുന്നത് വ്യത്യസ്തമായ കഴിവുകളാണ് . ഇന്നത്തെ കാലത്തിന്റെ ആവശ്യം അതിന്റെ ഭാഗമായുള്ള ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

## ഹെഡ്മാസ്റ്റർ

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

ഭാവിസമൂഹം രൂപപ്പെടുന്നത് നമ്മുടെ ക്ലാസ് മുറികളിലാണ്.

ഓരോ കുട്ടികളുടേയും സമഗ്രവളർച്ചക്കും അവരിലെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും വിദ്യാലയത്തിൽ അവസരം ലഭിക്കണം.

ആ ഒരു തിരിച്ചറിവിന്റെ ഭാഗമാണ് കിസലയം എന്ന ഈ ഡിജിറ്റൽ മാഗസിൻ. ലിറ്റിൽ കൈറ്റ്സിന്റെ ഈ പ്രവർത്തനത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

പ്രിൻസിപ്പാൾ

സി. ബി. കെ. എം. ജി. എച്ച്. എസ്, എസ്

പുതുപ്പരിയാരം

കാലത്തിന്റേയും, ദേശത്തിന്റെയും

മാറിവരുന്ന നിരന്തരം അഭിരുചികൾക്കും, അവബോധങ്ങൾക്കുമനുസരിച്ച് നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്. കാലത്തിന്റെ ആവശ്യങ്ങൾ ക്കനുസരിച്ച് തലമുറകളെ സജ്ജമാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായാണ് ഈ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത്.

ഇതിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു

പി. ടി. എ. പ്രസിഡണ്ട്

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# വിദ്യാലയചരിത്രം

പാലക്കാട് ജില്ലയിൽ പുതുപ്പരിയാരം

പഞ്ചായത്തിൽ 38 വർഷമായി

പ്രശസ്തനിലയിൽ പ്രവർത്തിച്ചുവരുന്ന

വിദ്യാലയമാണിത്. ഗ്രാമപഞ്ചായത്തിന്റെ

ആഭിമുഖ്യത്തിൽ ശ്രീ.സി.ബി.കുഞ്ഞിപ്പയുടെ

നേതൃത്വത്തിൽ ഒരുകൂട്ടം വിദ്യാഭ്യാസ

സ്നേഹികളുടെ കൂട്ടായ കഠിനപ്രയത്നത്തിന്റെ

സാക്ഷാത്കാരമാണ് ഈ വിദ്യാലയം.27-09-1984-ലാണ് രൂപം കൊണ്ടത്.

3 അധ്യാപകരും,ഒരു 26 കുട്ടികളുമായി ഒരു എട്ടാംക്ളാസ് മാത്രമായാണ് വാടകക്കെട്ടിടത്തിൽ സ്കൂൾ ആരംഭിച്ചത്.2000-ത്തിൽ ഈസ്ഥാപനം ഹയർസെക്കന്ററിയായി ഉയർത്തപ്പെട്ടു.

# നിലാവ്

തെളിഞ്ഞൊഴുകും പാട്ടുകൾ
ഹൃദയത്തിൽ ഒഴുകുമ്പോൾ
ഒരു നിലാവത് കാണാനെത്തും
ഒരു നല്ല കാറ്റൊന്ന് വീശിയാൽ
നിലാവത് കണ്ട് ചിരിക്കും
ഒരു നല്ല മഴയൊന്നു പെയ്താൽ
നിലാവിനത് നല്ല തണുപ്പായിടും

# ഊർജ്ജ സംരക്ഷണം

താപ ഊർജ്ജം ,പ്രകാശഊർജ്ജം , എന്നിവ

ലഭിക്കാൻ പ്രധാനമായും ഉപയോഗിക്കപ്പെടുന്ന

പ്രകൃതിദത്ത വിഭവങ്ങളിൽ ഒന്നാണ്

നവീകരിക്കപ്പെടാത്ത ഇന്ധന വിഭവം ഭൂരിഭാഗം

ഫോസിൽ ഇന്ധനങ്ങളില്ലം വച്ച് പ്രധാനമാണ്

ഫോസിൽ ഇന്ധനങ്ങൾ, അവ മനഷ്യരിൽ

നിന്നോ.ക്രൃത്രിമമായി നി ർമ്മിക്കുന്നവയോ

ആണ് ഈ ഇന്ധനങ്ങൾ, പരിമിത അളവിൽ

മാത്രമേ ലഭ്യമാകൂ ,

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

അവ വിലയേറിയ പ്രകൃതി വിഭവങ്ങളിൽ

ഒന്നാണ്.

ഭൂമിയു ടെ പുറംതോടിനു കീഴെ കുഴിച്ചിട്ട ചാവു

കടലുകളും മൃഗങ്ങളും ഫോസിൽ ഇന്ധനങ്ങൾ

അവശേഷിക്കുന്നു. പെ ട്രോളിയം ,കൽക്കരി

,പ്രകൃതിവാതകം , എണ്ണ തുടങ്ങിയ ഫോസിൽ

ഇന്ധനങ്ങൾ അവശേഷിക്കുന്നു

## നമ്മൾ ചെയ്യേണ്ടവ

ജീവന് അപകടകരമായ പ്രവൃത്തികൾ
ഒഴിവാക്കാം
ജീവനും പ്രകൃതിയും സംരക്ഷിക്കാം

•
അന്തരീക്ഷത്തെ വിഷമയമാക്കുന്ന
പ്രവൃത്തികൾ
നമുക്ക് ഒഴിവാക്കാം ശുദ്ധവായു ശ്വസിക്കാം.

•
മാലിന്യം സൃഷ്ടിക്കുന്നവർ തന്നെ അത്
ശരിയായി
സംസ്ക്കരിക്കുകയും വേണം. നമ്മുടെ പരിസരം
മാലിന്യ
കുമ്പാരമായി മാറാൻ അനുവദിക്കരുത് .

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# പരിസ്ഥിതി സൗഹൃദമല്ലാത്ത പ്ലേറ്റുകളും കപ്പുകളും ഒഴിവാക്കാം

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# ബാല്യം

ബാല്യമാം ആപടി കേറികഴിഞ്ഞതും
കൗമാരമാണെത്ര രണ്ടാംപടി
ബാല്യത്തിനേക്കാളും
കഠിനാണെന്നൊരു കേൾവിയെനിക്കുമുണ്ട്
തുമ്പയും മുക്കുറ്റിയും മറന്നക്കാലം
പറമ്പിലെ ചെളിയിൽ കളിച്ചകാലം
ഇന്നിതാഫോണിലെ കാഴ്ചയിൽ

മുഴുകുന്നകാലമണെന്നുടെ കൗമാരം
മിന്നമിനുങ്ങും അമ്പിളിമാമനും
ഒത്തുചേർന്നെന്നോടു കളിച്ചകാലം
ആ പോയകാലത്തിലെ ഓ ർ മകളൊന്നും
വാ ർത്തെടുക്കാൻ കഴിയുകില്ല.
അയലത്തെവീട്ടിലെ പച്ചപുളിയും
കോമാങ്ങയുമെല്ലാം കട്ടുതിന്നകാലം
ഞാൻ വളർന്നിതാ കൗമാരമായല്ലോ

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# മഴ

കാർമേഘത്തിൻ പടയെത്തി,

കൊടിയൊരു മിന്നൽപ്പിണരെത്തി,

'കുടുകുടു പടപട' ഇടിയെത്തി,

കാറ്റും മൂളി വിരുന്നെത്തി,

കുടകൾ പലതു നിവർന്നെത്തി,

'ക്രോം ക്രോം' തവള കരഞ്ഞെത്തി,

കാക്കേം കുയിലും കൊമ്പത്ത്

കലപില കൂടി പറന്നെത്തി

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# കടങ്കഥകൾ

ആനയ്ക്ക് നിൽക്കാൻതണലുണ്ട് ജീരകം

പൊതിയാൻ

ഇലയില്ല

*പുളിമരം

മുറ്റത്തെ ചെപ്പിനടപ്പില്ല

*കിണർ

അകത്തറുത്താൽ പുറത്തറിയും

*ചക്ക

ഇത്തിരി മുറ്റത്തഞ്ചാളുകൾ

*കൈവിരലുകൾ

വട്ടത്തിൽ ചവിട്ടിയാൽ നീളത്തിലോട്ടും

സൈക്കിൾ

അകമില്ല പുറമില്ല ഞെട്ടയില

പപ്പടം

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# പൂത്തുമ്പി

പൂത്തുമ്പി പൂത്തുമ്പി
തേൻകനിയുണ്ണാൻ വരുമോ നി
പാട്ടുകൾപാടാമൊന്നായ് കളിക്കാം
പൂക്കൾ പറിക്കാം പാട്ടുകൾപാടാം
ഓണപ്പൂക്കളമിട്ടു രസിക്കാം
ഒന്നായ് കളിക്കാം ഒന്നായ് രസിക്കാം
പൂത്തുമ്പി പൂത്തുമ്പി
എന്നോടൊപ്പം കൂട്ടുകൂടി കളിക്കാമോ

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# കൗമാരകാലം.

അറിയാതെ ആദ്യമായി അറിയുന്നു-
ഞാനിതാ പരീക്ഷണങ്ങളുടെ മായാജാലം.
അരുതെന്നു പറയുന്ന ഓരോന്നുമറി-
യാതെ പരിക്ഷിച്ചു പോകുന്ന കൗമാരകാലം.
കൗമാരകാലത്തിൽ വ്യത്യസ്ഥതകളാൽ-
മുന്നോട്ടു പോകുന്നു നാം എല്ലാരും.
ചോരത്തിളപ്പാർന്ന കാലമാകുന്നുവോ

നാം അറിയുന്ന കൗമാരകാലം.
വ്യത്യസ്ത കാര്യങ്ങൾ വ്യത്യസ്ത മാർഗങ്ങൾ
അറിയാതെ തേടി അലഞ്ഞിടുമീ ...കാലം.
നമ്മെ നിയന്ത്രിക്കും ശക്തികളോരോന്നും

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

ഒന്നും അല്ലന്ന് തോന്നും കാലം.

അറിയാതെ ആദ്യമായി അറിയുന്നു.

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# ***മധുരക്കെണി***

**കാടിനു തൊട്ടടുത്തു താമസിക്കുന്ന കർഷകനു ധാരാളം ആടുകളുണ്ട്. രാത്രിയിലെത്തി അവയെ മോഷ്ടിച്ചു കൊണ്ടുപോകുകയാണ് കുറുനരിയുടെ മുഖ്യപരിപാടി. എത്ര ബലത്തിൽ അടച്ചു പൂട്ടിയാലും അവന്റെ ആക്രമണത്തിൽനിന്ന് രക്ഷപെടാനാവുന്നില്ല.**

**ഒടുവിൽ കർഷകൻ വളരെ പണിപെട്ട് ഒരു കെണിയൊരുക്കി വാതിലിനുമുന്നിൽ വച്ചു. പെട്ടെന്നു കണ്ടാൽ കെണിയാണെന്നു തോന്നില്ല. പക്ഷേ അതിനുള്ളിലേക്കു** കടന്നാൽ **കടക്കുന്നവനെയും കൊണ്ട് നേരെ പൊങ്ങിപ്പോകുകയും ചെയ്യും.**

അടുത്ത ദിവസം പാവം കുറുനരി കുരുക്കിൽ പെട്ടെന്ന് പറയേണ്ടതില്ലല്ലോ.

കുരുക്കിൽ തൂങ്ങിയാടുന്ന കുറുനരിയെ വെളുപ്പാൻ കാലത്തു തന്നെ ആദ്യം കണ്ടത് ഒരു കുരങ്ങനാണ്.

"ഹഹഹ"

കുരങ്ങനു ചിരി അടക്കാൻ കഴിഞ്ഞില്ല.

"പെട്ടു പോയല്ലേ." കുരങ്ങൻ ചോദിച്ചു.

"പിന്നെ... പെട്ടുപോയതൊന്നുമല്ല. നീയെന്തു മണ്ടനാണ്. രാവിലെയുള്ള ഈ ഊഞ്ഞാലാട്ടം എന്തു രസമാണെന്നോ. ഞാൻ ഇടയ്ക്കിടെ വന്ന്

ഇങ്ങനെ കിടന്നാട്ടം. ഹായ്

എന്തുരസമാണെന്നോ."

"വേണ്ട വേണ്ട ചേട്ടൻ പെട്ടുപോയതല്ലേ."'

"ഓ പിന്നേം നിനക്കു മനസ്സിലാവണില്ല. നീ നല്ല

ബുദ്ധിമാനല്ലേ.

എന്നിട്ടെന്തേ ഇങ്ങനെ? ഈ ആട്ടം ഒന്നു

നടത്തിയാൽ പിന്നെ എല്ലാദിവസവും

ആടണമെന്നു തോന്നും. എന്താ ഒരു സുഖം."

പറഞ്ഞുപറഞ്ഞ് ഒടുവിൽ കുരങ്ങനും അതിൽ

ഒന്നാടിയാൽ കൊള്ളാമെന്നു തോന്നി.

അടുത്തുവന്ന കുരങ്ങനോടു കുറുനരി

സ്നേഹത്തോടെ പറഞ്ഞു.

“ആ കെട്ടഴിച്ചേ, എങ്ങനെയാണെന്നൊക്കെ

ഞാൻ പറഞ്ഞുതരാം.”

കുരങ്ങൻ പതിയെ കുറുനരിയെ സ്വതന്ത്രമാക്കി.

കുരങ്ങനെ അതിനുള്ളിലാക്കിയ കുറുനരി

കുരങ്ങന്റെ പുറം തടവിക്കൊണ്ടു പറഞ്ഞു.

“പാവം പെട്ടുപോയി അല്ലേ.”

“ങേ ചേട്ടൻ എന്നെ പറ്റിച്ചതാ അല്ലേ.

തുറന്നുവിടു ചേട്ടാ.”

കർഷകന്റെ കാലൊച്ച കേട്ട കുറുനരി പറഞ്ഞു

“ദേണ്ടെ അയാളു വരുന്നേ. നമ്മൾതമ്മിൽ ഇനി

കണ്ടെന്നു വരില്ല കേട്ടോ. ബൈബൈ.”

കർഷകൻ അവിടെയെത്തിയപ്പോൾ

തൂങ്ങിക്കിടക്കുന്ന കുരങ്ങനെയാണ് കണ്ടത്.

പാവം കുരങ്ങന്റെ ജീവിതം അതോടെ തീർന്നു.

ചിന്തിക്കാതെ മധുരവാക്കുകളിൽ പെടുന്നവർ

കെണിയിൽപെടും.

# ഉഷസ്സ്

നക്ഷത്ര പട്ടുപുടവയും
അമ്പിളിത്തിലകവും
മിന്നാമിന്നി തിലകവുമായ്
ആകാശം ചുവന്നു തുടുത്തു
മന്ദമണഞ്ഞ പുലരിയുടെ
സീമന്ത രേഖയിൽ
സൂര്യതിലകം ചാർത്തി

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# ശാസ്ത്ര ക്വിസ്

1.രാസവസ്തുക്കളുടെ രാജാവ് ?

സൾഫ്യൂരിക് ആസിഡ്

2. ചന്ദ്രന്റെ പേരിലുള്ള മൂലകം ഏത് ?

സെലെനിയം

3.ദ്രാവക രൂപത്തിലുള്ള അലോഹം ഏത് ?

ബ്രോമിൻ

4.ചിരിപ്പിക്കുന്ന വാതകം ഏത് ?

നൈട്രസ് ഓക്സൈഡ്

5.പോളിത്തീനിന്റെ മോണോമർ ഏത് ?

എഥീൻ

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# പ്രതികാരം

പരുന്തിന്റെ കുഞ്ഞിനു നല്ല സുഖമില്ല.

ഇതറിഞ്ഞ് പരുന്തി സഹോദരി

അവിടെയെത്തിയിട്ടു പറഞ്ഞു. "ചിലന്തിയാണ്

ഏറ്റവും നല്ല വൈദ്യൻ. ഞാൻ പോയി

അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വരാം"

അങ്ങനെ അവൾ ചിലന്തിവൈദ്യരുടെ

അടുക്കലെത്തി. രോഗവിവരമൊക്കെ

പറഞ്ഞതിനുശേഷം ചിലന്തി പറഞ്ഞു.

"വീട്ടിലേക്കുള്ള വഴി പറഞ്ഞുതരൂ. ഞാൻ

പിന്നാലെ എത്തിക്കൊള്ളാം."

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

“അയ്യോ വൈദ്യരേ, അങ്ങനെ പറയരുതേ.”

“എന്തു ചെയ്യാനാ വരുന്നതിൽ എനിക്കു സന്തോഷമേയുള്ളൂ അങ്ങോട്ടുള്ള വഴിയിൽ പക്ഷേ ഒരു കോഴി താമസിക്കുന്നുണ്ട. എന്നെയവൾ കൊത്തിത്തിന്നും.”

പരുന്തിന്റെ സഹോദരിക്കു പോകാനാവുമായിരുന്നില്ല. അവൾ ചിലന്തിയുടെ കാലു പിടിച്ചു. ഒടുവിൽ അവളുടെ കണ്ണുനീരിനും നിർബന്ധത്തിനും വഴങ്ങി ചിലന്തി സമ്മതം മൂളി.

“ശരി താങ്കൾ പൊയ്ക്കോളൂ. താമസിയാതെ ഞാനെത്തിക്കൊള്ളാം.”

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

തൊട്ടടുത്ത ഒരു വീട്ടിലെ ചികിത്സ കഴിഞ്ഞ്

ചിലന്തി പരുന്തിന്റെ അടുക്കലേക്കു പുറപ്പെട്ടു.

അതിനുമുൻപ് തന്റെ ചികിത്സാ സഞ്ചി യിൽ

ഒരു കുറിപ്പെഴുതിയിടാനും മറന്നില്ല.

യാത്രാമധ്യേ ചിലന്തി ആ കോഴിയെ കണ്ടു.

പെട്ടെന്നുതന്നെ ഒരു മരത്തിനു പിറകിൽ

ഒളിച്ചെങ്കിലും കോഴി ചിലന്തിയെ കണ്ടു

കഴിഞ്ഞിരുന്നു.

ഒട്ടും താമസിച്ചില്ല; കോഴി ചിലന്തിയെ കൊന്ന്

തന്റെ കുഞ്ഞു ങ്ങൾക്ക് കൊടുത്തു. ഏറെനേരം

കഴിഞ്ഞിട്ടും വൈദ്യരെ കാണാതെ പരുന്ത്

നിരാശനായി. വൈദ്യരെ തേടിയിറങ്ങിയ

പരുന്ത് കോഴിയുടെ വീടിനരികിലെത്തി. അതാ കിടക്കുന്നു വൈദ്യരുടെ സഞ്ചി.

സഞ്ചി പരിശോധിച്ച പരുന്തിനു ചിലന്തി എഴുതി വച്ചിരുന്ന കുറിപ്പിൽനിന്നു കാര്യം പിടികിട്ടി.

“വരുന്ന വഴി കോഴി എന്നെ കൊന്നു കളഞ്ഞു.”

തിരിച്ചു പറന്ന പരുന്ത് വീട്ടിലെത്തിയപ്പോൾ പരുന്തിൻകുഞ്ഞു മരിച്ചു കഴിഞ്ഞിരുന്നു.

ദുഃഖവും കോപവും അടക്കാനാവാതെ പരുന്ത് കോഴിയുടെ വീട്ടിലെത്തി കുഞ്ഞുങ്ങളെ ഓരോന്നിനെയായി കൊന്നു തിന്നു. അന്നു മുതൽ തരം കിട്ടുമ്പോഴൊക്കെ പരുന്ത് കോഴിക്കുഞ്ഞുങ്ങളെ റാഞ്ചാൻ തുടങ്ങി.

വഴി കേട്ടപാടെ ചിലന്തി പറഞ്ഞു. “ഓ അതാണ വഴി. അപ്പോൾ വരവു നടക്കുമെന്നു തോന്നുന്നില്ല.”

ഒന്നും വേണ്ടാതായി കഴിയുമ്പോളാണല്ലോ
നമുക്ക് പണ്ടൊരിക്കല്
മോഹിച്ചതെല്ലാം കിട്ടുക
കിട്ടുമെന്നാവുമ്പോള് അതിന്റെ
വില കെടുന്നു
കാലം കെടുത്താത്ത തീ ഏതുണ്ട് ?

സുഗതകുമാരി

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

little KITES

# നന്ദി

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

ഈ മാഗസിൻ പ്രവർ
ത്തനങ്ങൾക്ക് ഞങ്ങളെ
സഹായിച്ച എല്ലാവർക്കും
നന്ദി.

എഡിറ്റർ

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# നന്ദി



സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്